**അഡീഷണൽ എക്സൈസ് കമ്മീഷണറുടെ (ഭരണം) നടപടിക്രമം,**
**കേരളം, തിരുവനന്തപുരം**
(സാന്നിദ്ധ്യം: ഡി.രാജീവ്, ഐ.ഒ.എഫ്.എസ്)

വിഷയം : എക്സൈസ് ഭരണപരം - അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. A.ശ്രീകുമാറിന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) ഉത്തരവ് നം.XD3-2499/2010(Vol.II) തിയതി 02.01.2013. (പ്രിവന്റീവ് ഓഫീസർമാരുടെ 01.07.2003-മുതൽ 31.12.2008-വരെയുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റ്)
2) ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 15.12.2020-ലെ EDOALP/636/2020-A3 -ാം നമ്പർ കത്ത്.

**ഉത്തരവ് നമ്പർ XD3-98954/2019- തീയതി:28.01.2021**

ആലപ്പുഴ ഡിവിഷനിൽ മാവേലിക്കര എക്സൈസ് റേഞ്ച് ഓഫീസിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. A.ശ്രീകുമാർ സൂചന (1) പ്രകാരമുള്ള പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനം.551 ആയി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യതയുള്ള എല്ലാ പ്രിവന്റീവ് ഓഫീസർമാരും അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. ശ്രീ. A.ശ്രീകുമാർ 04.11.1998-ൽ സിവിൽ എക്സൈസ് ഓഫീസറായി സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതും 13.11.2006-ൽ പ്രിവന്റീവ് ഓഫീസർ ആയി സ്ഥാനക്കയറ്റം നേടിയിട്ടുള്ളതുമാണ്. എന്നാൽ ടിയാൻ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പ്രൊമേഷനാവശ്യമായ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ലാത്തതാണ്. നിലവിൽ ടിയാന്റെ പേരിൽ യാതൊരുവിധ അച്ചടക്കനടപടികളും നിലവിൽ ഇല്ലാത്തതും 50 വയസ്സ് പൂർത്തീകരിച്ചുട്ടുള്ളതിനാൽ KS & SSR Rule 13B-യുടെ ആനുകൂല്യം നൽകി ശ്രീ. A.ശ്രീകുമാറിന് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ആലപ്പുഴ സൂചന (2) കത്തു പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ആലപ്പുഴ ഡിവിഷനിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്) ശ്രീ. A.ശ്രീകുമാർ, 50 വയസ്സ് പൂർത്തീകരിച്ചിട്ടുള്ള

സാഹചര്യത്തിൽ KS & SSR Rule 13B-യുടെ ആനുകൂല്യം നൽകി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി 29200-62400 രൂപ ശമ്പളസ്കെയിലിൽ നിലവിൽ ഒഴിവുള്ള അടൂർ, എക്സൈസ് റേഞ്ച് ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്/-
അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)

ഗ്രാഹകൻ:-

ശ്രീ. A.ശ്രീകുമാർ,
അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ (ഗ്രേഡ്),
എക്സൈസ് റേഞ്ച് ഓഫീസ്, മാവേലിക്കര
(ആലപ്പുഴ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ മുഖാന്തിരം)

പകർപ്പ്:-

1) അഡീഷണൽ എക്സൈസ് കമ്മീഷണർ(എൻഫോഴ്സ്മെന്റ്)
2) വിജിലൻസ് ഓഫീസർ(എക്സൈസ്)
3) ജോയിന്റ് എക്സൈസ് കമ്മീഷണർ, ദക്ഷിണമേഖല
4) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ആലപ്പുഴ, പത്തനംതിട്ട.
5) ഐ.റ്റി.സെൽ
2) ഉത്തരവ് ഫയൽ/ കരുതൽ ഫയൽ

അംഗീകാരത്തോടെ,

സൂപ്രണ്ട്.

എം.എ